'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 775 04.03.2020-ൽ മറുപടിയ്ക്ക്.

**കടൽജൈവ വൈവിധ്യ മേഖലകൾക്ക് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.കെ.യു. അരുണൻ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടൽജൈവ വൈവിധ്യ മേഖലകൾക്ക് സംരക്ഷണം നൽകുവാൻ വനം വകുപ്പ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | | വനം വകുപ്പ് നടപ്പിലാക്കുന്ന കടലിലെ ഉൾപ്പെടെയുള്ള വന്യജീവി സംരക്ഷണ - അവബോധ നിർമ്മിതി പരിപാടികൾക്ക് പുറമേ, ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഒരു "Coastal & Marine Ecosystem Cell" ഉം "Kerala Marine Conservation Foundation" ഉം രൂപീകരിക്കുന്നതിനായുള്ള ശുപാർശ പരിശോധിച്ചു വരുന്നു. നിലവിലെ സമുദ്ര ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായും ശാസ്ത്രീയമായും നടപ്പിലാക്കാനും വിവിധ ഏജൻസികൾ വിവിധ ആവശ്യങ്ങൾക്കായി ഇടപെടുന്ന മേഖലകളാണെന്നതിനാൽ അവ തമ്മിലുള്ള ഏകോപനം സാധ്യമാക്കാനും ഇതുവഴി ലക്ഷ്യമിടുന്നു.<br>കൂടാതെ, തീരദേശ-സമുദ്ര ജൈവ വൈവിധ്യ സമ്പന്നമായ പ്രമുഖ ഇടങ്ങളെ സംരക്ഷിത പ്രദേശങ്ങളായി (Coastal & Marine Protected Areas) പ്രഖ്യാപിക്കുന്നതിനുള്ള ശുപാർശയും സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ